# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3258 16.12.2015-ൽ മറുപടിയ്ക്ക്

### 'കലാകാരന്മാരുടെ ക്ഷേമത്തിന് കർമ്മപദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ.റ്റി. ജോർജ്ജ് :<br>ശ്രീ. വി.പി. സജീന്ദ്രൻ: | ശ്രീ. കെ.സി. ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) കലാകാരന്മാരുടെ ക്ഷേമത്തിന് കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ), (ബി) & (സി) സാസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ്/ അക്കാദമി / കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തിരം കലാകാരന്മാർക്കായി താഴെ പ്പരാമർശിക്കുന്ന വിവധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>നിലവിൽ 50 വയസ്സിന് മേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും പ്രതി മാസം 750/- രൂപ നിരക്കിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം പെൻഷൻ നൽകി വരുന്നു. കൂടാതെ വിവിധ അസുഖങ്ങൾ മൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സ ധനസഹായം നൽകി വരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം.<br><br>കേരള ലളിതകലാ അക്കാദമി മുഖാന്തിരം കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, ഏകാംഗ പ്രദർശന ധനസഹായം, കലാ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.<br><br>കേരള ഫോക് ലോർ അക്കാദമി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും നാടൻകലയിൽ ഏറ്റവും പ്രാവീണ്യം നേടിയ കലാകാരന്മാരെ |

ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവനാടൻ കലാ പുരസ്കാരം, ഫോക് ലോർ എം.എ. ഒന്നാം റാങ്ക് ലഭിച്ചവർക്ക് അവാർഡ് എന്നിവ നൽകി വരുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി 2011 മുതൽ 3 വർഷത്തേയ്ക്ക് പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും മെഡിക്ലെയിമും ഏർപ്പെടുത്തിയിരുന്നു. ഈ പദ്ധതി മുഖേന കലാകാരന്മാർക്ക് മെഡിക്ലെയിം ഇൻഷ്വറൻസ് 50,000/- രൂപവരെയും അപകടം മൂലം മരണം, പൂർണ്ണമായ അംഗവൈകല്യം എന്നീ സാഹചര്യങ്ങളിൽ 1 ലക്ഷം രൂപ വരെയും, അപകടം മൂലമുള്ള താല്ക്കാലിക അംഗ വൈകല്യമോ, പൂർണ്ണമായ ബെഡ്റെസ്റ്റോ ആവശ്യമുള്ള അവസരങ്ങളിൽ ആഴ്ചയിൽ 1000/- രൂപ വീതം പരമാവധി 100 ആഴ്ചവരെ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയിരുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടുപോകുന്ന തിന് 2015-2016 ബജറ്റിൽ "കലാകാരന്മാർക്കുള്ള ഇൻഷ്വറൻസ് വൈദ്യ പദ്ധതി" എന്ന സ്കീമിൽ 40 ലക്ഷം രൂപ കേരള സംഗീത നാടക അക്കാദമിക്ക് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സിനിമാ കലാകാരന്മാർക്ക് ചലച്ചിത്ര അക്കാദമി മുഖാന്തിരം പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രതിമാസം 1000 രൂപ യാണ് പെൻഷൻ. 300 ഓളം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ അടിയന്തിര ചികിത്സാ സഹായമായി പരമാവധി 25,000/- രൂപ വരെ അനുവദിച്ച് വരുന്നു.

ഇതിനും പുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്.

ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനുസൃതമായി അംശാദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കു പുറമേ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ /അംഗത്തിന്റെ പ്രായപൂർത്തിയായ പെൺ മക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ